# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1067 — 06.06.2018 -ലെ മറുപടി

**ഭൂജല വകുപ്പിലെ ജീവനക്കാർക്ക് പ്രത്യേക പെരുമാറ്റച്ചട്ടം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | സർക്കാർ ജീവനക്കാർക്ക് ജോലി സംബന്ധിച്ച പൊതുവായ മാർഗ്ഗ നിർദ്ദേശം നിലവിലുള്ളപ്പോൾ ഭൂജല വകുപ്പിലെ ഡയറക്ടർ ഉൾപ്പെടെ എല്ലാ ജീവനക്കാർക്കുമായി പ്രത്യേക പെരുമാറ്റച്ചട്ടം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു; | എ) | ഉണ്ട് സർക്കാരിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചത്. |
| ബി) | ഇപ്പോൾ പുറപ്പെടുവിച്ച പെരുമാറ്റച്ചട്ടത്തിലെ പ്രധാന നിർദ്ദേശങ്ങളെന്താണെന്ന് വ്യക്തമാക്കുമോ; | ബി) | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു |
| സി) | ഭൂജലവകുപ്പിൽ ഫിൽട്ടർ പോയിന്റ്, കുഴൽക്കിണർ എന്നിവയ്ക്ക് ലഭിച്ച അപേക്ഷകളിൽ തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകളിൽ അടിയന്തര തീരുമാനം എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | ഭൂജലവകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ ഭൂജല സർവ്വേയ്ക്കായുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് സംസ്ഥാന ഭൂജല അതോറിറ്റിയുടെ 03/11/2017 തീയതിയിൽ കൂടിയ 28-ാമത് യോഗത്തിൽ അപേക്ഷകളിൽ തീർപ്പ് കല്പിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ ഹൈഡ്രോജിയോളജിസ്റ്റുമാരെ നിയമിക്കുന്നതിനു വേണ്ട തീരുമാനം കൈക്കൊള്ളുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ശുപാർശ സമർപ്പിക്കുകയും ചെയ്തു പ്രസ്തുത ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു |

| | | | |
|---|---|---|---|
| | | | |
| ഡി) | ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ സ്വകാര്യ ഏജൻസികൾക്ക് ജീവനക്കാർ മറിച്ചുകൊടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തുമോ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

<u>സംഗ്രഹം</u>

ജലവിഭവ വകുപ്പ്- ഭൂജലവകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജലവിഭവ (ഭൂജല) വകുപ്പ്

സ.ഉ.(സാധാ) നം./223/2018/ജ.വി.വ തീയതി,തിരുവനന്തപുരം, 28/03/2018

പരാമർശം:- കേരള വാട്ടർ റിസോഴ്സസ് & അദർ ലേബർ സെന്റർ 02.02.2018 തീയതി വച്ച് സമർപ്പിച്ച പരാതി.

<u>ഉത്തരവ്</u>

ഭൂജല വകുപ്പ് പ്രവർത്തനത്തിനെതിരെയും വകുപ്പ് തലവനെതിരെയും ആരോപണങ്ങൾ ഉന്നയിച്ച് കേരള വാട്ടർ റിസോഴ്സസ് & അദർ ലേബർ സെന്റർ പരാമർശം പ്രകാരം പരാതി സമർപ്പിച്ചു.
സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

ഭൂജല വകുപ്പിന്റെ പ്രവർത്തനം സുതാര്യവും അഴിമതി രഹിതവും പരാതി രഹിതവും ആക്കുന്നതിന് ചുവടെ കൊടുക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1 ) ഭൂജല ഡയറക്ടറുടെ ഓരോ ദിവസത്തെയും ജോലി സംബന്ധിച്ച് (മീറ്റിങ്ങുകൾ, ഹിയറിങ്, ഫീൽഡ് ഡ്യൂട്ടി, ടൂർ, ഓഫീസ് ഡ്യൂട്ടി) തീയതിയും സമയവും സഹിതം വ്യക്തമായ പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തൊട്ടടുത്ത മാസം 5 നകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

2 ) ഡയറക്ടറുടെ ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ (ഓഫീസ് ജോലിയും ടൂറും മീറ്റിംഗുകളും അടക്കം) അതാത് ദിവസം രാവിലെ ഓഫീസിനു പുറത്ത് പൊതുജനം കാണത്തക്കവിധം നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കണം.

3 ) ഡയറക്ടറുടെയും വകുപ്പിലെ ജീവനക്കാരുടെയും ദിനംപ്രതിയുള്ള ഡ്യൂട്ടി വിവരം ഭൂജല വകുപ്പിന്റെ വെബ് സൈറ്റിൽ കൊടുക്കേണ്ടതാണ്.

4 ) ഭൂജല വകുപ്പിലെ ജീവനക്കാരുടെ ഫീൽഡ് ഡ്യൂട്ടി വിവരങ്ങൾ (ജോലി ചെയ്യുന്ന/ ഇൻസ്പെക്ഷനു പോകുന്ന സ്ഥലം, സമയം, തീയതി) ഓഫീസിനു പുറത്ത് പൊതുജനം കാണത്തക്ക വിധം നോട്ടീസ് ബോർഡിൽ ദിവസേനെ രാവിലെ എഴുതി പ്രദർശിപ്പിക്കുകയും സൈറ്റിൽ ഇടുകയും ചെയ്യണം.

5 ) ഭൂജല വകുപ്പിലെ എല്ലാ ജീവനക്കാരും പ്രതിമാസ ജോലി വിവരം ( ഫീൽഡ് ഡ്യൂട്ടി വിവരങ്ങൾ സമയം അടക്കം ) തൊട്ടടുത്ത മാസം 5 നകം ഡയറക്ടർക്ക് സമർപ്പിക്കണം. ഡയറക്ടർ ഈ വർക്ക് ഡയറി ഫയലാക്കി സൂക്ഷിക്കേണ്ടതും ഇവരുടെ ഫീൽഡ് ഡ്യൂട്ടി സംബന്ധിച്ച എന്തെങ്കിലും പരാതി ലഭിക്കുമ്പോൾ വർക്ക് ഡയറി പരിശോധനയ്ക്കായി സർക്കാരിന് റിപ്പോർട്ട് സഹിതം സമർപ്പിക്കേണ്ടതാണ്.

6 ) ഭൂജല വകുപ്പിലെ അപേക്ഷകൾ സ്വീകരിക്കുമ്പോൾ മുതൽ സർട്ടിഫിക്കറ്റുകൾ വിതരണം വരെ ഓൺലൈനാക്കണം. പ്രോസസിങ്ങ് വിവരങ്ങൾ അതാത് സമയം ഭൂജല വകുപ്പിന്റെ സൈറ്റിൽ ഇടാനും അപേക്ഷകരുടെ മൊബൈലിൽ മെസേജ് അയക്കാനും സംവിധാനം ഉണ്ടാക്കണം.

മേൽ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കാൻ ഭൂജല ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**താരാസാമുവൽ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, ഭൂജല വകുപ്പ്, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരള വാട്ടർ റിസോഴ്സസ് ആന്റ് അദർ ലേബർ സെന്റർ (JTUC), സായന്തം, ദിവ്യ നഗർ-5, ചെമ്മാൻ മുക്ക്, കൊല്ലം-5.
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ CA യ്ക്ക്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ